പാർട്ണർ കേരള നഗരവികസന സംഗമം

82 (3366) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാർട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗരവികസന പദ്ധതികൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെട്ടന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത സംഗമത്തിനു ശേഷം സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ് വേയിൽവച്ച് പാർട്ട്ണർ കേരള നിക്ഷേപക സംഗമം നടത്തിയിരുന്നു.

(ബി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ഇതിലൂടെ നഗരസഭകളിലെ വികസന പദ്ധതികളിൽ പൊതുസ്വകാര്യ പങ്കാളിത്തം സാധ്യമാക്കുക എന്നതായിരുന്നു പാർട്ട്ണർ കേരള സംഗമത്തിന്റെ ലക്ഷ്യം. ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപ്പരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

(സി) വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Waste Management
2. Shopping Complex, Convention Centres, Multiple Cinema Hall

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. Sewarage
4. Ammusement Park
5. Fly over Bridges & Parking lots
6. Markets
7. Bus Terminals
8. Comfort Station
9. Parks, Town Beautification & Street light
10. Hoardings.

(ഡി) ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s. KITCO-യെ നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40 പദ്ധതികളുടെ സാധ്യതാ പഠന റിപ്പോർട്ടും ആർ.എഫ്.ക്യു.-വും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

മലിനജലം സംസ്കരിക്കുവാൻ നടപടികൾ

83 (3367) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;